# മോശമായ നോട്ടത്തിന്റെ വിപത്തുകളും അതിൽ നിന്നു രക്ഷ നേടാനുള്ള വഴികളും

بسم الله الرحمن الرحيم

الحمد لله وكفى وسلام على عباده الذين اصطفى . اما بعد

ഈ കാലഘട്ടം സാധാരണ കാലഘട്ടമല്ല . പ്രശ്നങ്ങളാൽ നിറക്കപ്പെട്ട കാലഘട്ടമാകുന്നു. ഇന്നത്തെ ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യാകുലതകൾക്ക് കാരണം അവരുടെ വകതിരിവ് ഇല്ലായ്മയും ലജ്ജയില്ലായ്മയും നിമിത്തമാകുന്നു. തെറ്റിലേക്കുള്ള നോട്ടം ചെന്നെത്തിക്കുന്നത് വളരെ വലിയ ആപത്തിലേക്കാകുന്നു. ഇത് ഓരോ ദിവസവും ഓരോ മണിക്കൂറും എന്നല്ല ഓരോ നിമിഷവും അവനെ ദുഃഖത്തിലാക്കുന്നു.

ഒരു മനുഷ്യൻ പള്ളിയിൽ ഇരുന്നു ഒരു മണിക്കൂർ ഇബാദത്ത് ഖുർആൻ പാരായണം ദീനിയ്യായ സംസാരങ്ങൾ തുടങ്ങിയവ ചെയ്യുന്നു. പക്ഷേ പള്ളിയിൽ നിന്നും അവൻറെ പാദങ്ങൾ പുറത്ത് വരുന്നില്ലെങ്കിലും അവൻറെ ദൃഷ്ടി പുറത്ത് പോകുന്ന കാരണത്താൽ ഒരു മണിക്കൂറിൽ ഉണ്ടാക്കിത്തീർത്ത ഈമാനികമായ പ്രകാശം ഒരു മോശമായ നോട്ടം കാരണത്താൽ ഇല്ലാതായി പ്പോകുന്നു.

ഇന്ന് ദുനിയാവിൻറെ സ്ഥിതി നോക്കുകയാണെങ്കിൽ ഒരു പുരുഷന് ചില സന്ദർഭങ്ങളിൽ അന്യ സ്ത്രീകളോട് സംസാരിക്കേണ്ടി വരുന്നു. ഈ സമയത്ത് ഒരു പുരുഷൻ എന്ത് ചെയ്യണമെന്നത് ഒരു മുഖ്യമായ ചോദ്യം തന്നെയാകുന്നു.

ഇപ്രകാരം ഈ വിനീതൻ ഹസ്രത്ത് ദുൽഫുഖാർ നഖ്ശബന്ധി ( ദാ:ബ ) അവർ കളോട് ചോദിച്ചു. ഹസ്രത്ത് .... എയർ പോർട്ടിലും മറ്റ് സ്ഥലങ്ങളിലുമുള്ള ചില കൌണ്ടറുകളിൽ സ്ത്രീകൾ ഉണ്ടാകുമല്ലോ ? അപ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത് ?

മഹാനവറുകൾ അരുളി ആ സ്ത്രീകളോട് ഏതെങ്കിലും നിലയ്ക്ക് ബന്ധപ്പെടേണ്ടി വന്നാൽ ..... ഉദാഹരണത്തിന് ടിക്കറ്റ് കാണിക്കാനാണെങ്കിൽ അത് കൈ കൊണ്ട് ചെയ്യേണ്ട പ്രവൃത്തിയാകുന്നു. കണ്ണ് കൊണ്ടുള്ള പ്രവർത്തിയല്ല . ഇനിയെന്തിങ്കിലും പറയേണ്ടതോ ചോദിക്കേണ്ടതോ ആയ സന്ദർഭങ്ങളിൽ അത് വായ കൊണ്ടുള്ള പ്രവർത്തിയാണ്. കണ്ണ് കൊണ്ടുള്ള പ്രവർത്തിയല്ല . അതിനാൽ കണ്ണിൻറെ ഉപയോഗം ഇവിടെ വരുന്നില്ല .

ചുരുക്കി പറഞ്ഞാൽ എന്തെങ്കിലും കൊടുക്കേണ്ടതാണെങ്കിൽ അത് കൈ കൊണ്ട് ചെയ്യുക. അവൻ്റ ദൃഷ്ടിയെ വേറെ ഭാഗത്തേക്ക് തിരിക്കുക . എന്തെങ്കിലും ചോദിക്കേണ്ടതോ പറയേണ്ടതോ ഉണ്ടെങ്കിൽ അത് നോക്കൽ കൂടാതെ ചെയ്യുക. ماشاء الله നോക്കൂ......... എത്ര അർത്ഥ സമ്പൂർണ്ണമായ ഉപദേശം .... !! അത് കൊണ്ട് നാം മോശമായ നോട്ടത്തിൽ നിന്നും രക്ഷ നേടാനുള്ള മാർഗങ്ങൾ ചിന്തിക്കുകയും അവസോരിചിതമായി പ്രവർത്തിക്കുകയും ചെയ്യുക .

**"Where there is a will, there is a way "**

' മനുഷ്യൻ എന്ത് കാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നുവോ അതിനുള്ള വഴികളും തെളിഞ്ഞു വരുന്നു."

നമുക്ക് ഈ രീതിയിൽ വിവരിച്ച് തന്ന മഹനവർകൾക്ക് ആഖിറതിൽ ﷲ വളരെ വലിയ പ്രതിഫലം നൽകുമാറാകട്ടെ . നാഥൻ അമൽ ചെയ്യനുള്ള തൗഫീഖ് നൽകുമാറാവട്ടെ . ആമീൻ ( ശക്കീൽ അഹമ്മദ് ഹസ്രത്ത്)

﴿ قل للمؤمنين يغضوا من ابصارهم ويحفظوا فروجهم ﴾

നബിയേ ! അങ്ങ് വിശ്വാസികളോടു അവരുടെ ദൃഷ്ടികളെ താഴ്ത്തുകയും അവരുടെ ഗുഹ്യ ഭാഗങ്ങളെ സുക്ഷിക്കാനും പറയൂ.

﴿ وقل للمؤمنات يغضضن من ابصارهنّ ويحفظن فروجهن ﴾

നബിയേ ! അങ്ങ് വിശ്വാസിനികളോടും അവരുടെ ദൃഷ്ടികളെ താഴ്ത്തുകയും അവരുടെ ഗുഹ്യ ഭാഗങ്ങളെ സുക്ഷിക്കാനും പറയൂ.

മനുഷ്യന്റെ കണ്ണുകൾ അനിയന്ത്രിതമാവുമ്പോൾ വളരെ ദുശ്ശീലങ്ങൾ ഉടലെടുക്കുന്നു. അതിനാൽ മുഹഖികീങ്ങളുടെ അടുക്കൽ അത് തെററുകളുടെ മാതാവിനു സമാനമാകുന്നു..

രണ്ടു കൺ കുഴികളിൽ നിന്നു തന്നെ പ്രശ്നങ്ങ്ളുടെ ഉറവ പുറപ്പെടുകയും സാമുഹിക ജീവിതത്തിൽ മോശത്തരവും നഗ്നതയും വ്യാപിക്കുന്നതിനു ഹേതുവകകയും ചെയ്യുന്നു.
ശയ്ഖുൽ ഹദീസ് ഹസ്രത്ത് സക്കരിയ്യ മൗലാനാ പറയുന്നു..... മോശമായ നോട്ടം മനുഷ്യനെ നശിപ്പിച്ച് കളയുന്ന ഒരു രോഗമകുന്നു. തനിക്കും തന്റെ ചില സുഹ്രുത്തുക്കൾക്കും ഉണ്ടായ ഒരു അനുഭവം ഉണ്ട് .
ദിക്റുകളിൽ മുഴുകിയിരിക്കുമ്പോൾ ഇടക്കു വളരെ രസവും ആവേശവും ഉണ്ടയിത്തീരുന്നു . പക്ഷേ മോശമായ നോട്ടം കാരണത്താൽ ആരാധനയുടെ രസവും രുചിയും നശിച്ച് പോകുന്നു. ശേഷം അൽപാൽപ്പമയി ഇബാദത്തുകളെ പോലും ഉപേക്ഷിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു.

ശയ്ഖ് വാസിതിയ്യ് (റ) പറയുന്നു.. " അല്ലാഹു ഒരു അടിമയെ നിന്ദ്യനക്കാനും അപമാനിക്കാനും ഉദ്ധേശിച്ചാൽ അവനെ ഭംഗിയുള്ള മുഗങ്ങ്ൾ ദർശിക്കനുള്ള സാഹചര്യങ്ങ്ൾ കൊണ്ടു പരീക്ഷിക്കുന്നു. ചില സ്ത്രീകൾ ശരീരം മറക്കാതെ അവരുടെ ഭംഗിയെ വെളിവാക്കി തെരുവീഥികളിലും അങ്ങാടികളിലും ചുററി ത്തിരിയുകയും ചില പുരുഷന്മാർ ഇവരെ ആഗ്രഹത്തോടെ നോക്കുകയും ചെയ്താൽ ഇവർ രണ്ട് കൂട്ടരും അല്ലാഹുവിന്റെ ശാപത്തിനു അർഹരായിത്തീരുകയും ചെയ്യുന്നു. തീ ജ്വാല ഒരു തീപൊരിയിൽ നിന്ന് ഉണ്ടാകുന്ന പോലെ പ്രശ്നങ്ങളും നാശങ്ങ്ളും തുടങ്ങുന്നത് ദൃഷ്ടിയിലൂടെയാകുന്നു. അതിനാൽ ഗുഹ്യ ഭാഗങ്ങളുടെ സംരക്ഷണത്തിനു അവന്റെ ദൃഷ്ടിയെ സൂക്ഷിക്കൽ നിർബന്ധമാകുന്നു.
ഓർക്കുക ! നാം നമ്മുടെ കണ്ണുകളെ മോശമയ ദർശനങ്ങളെ തൊട്ട് മറ ഇട്ടിട്ടില്ലെങ്കിൽ തീർച്ചയായും നമ്മുടെ ഹൃദയങ്ങളിൽ മറ ഇടപ്പെടും.

മശാഇഖുമാർ തങ്ങളുടെ മുരീദന്മാർക്കും മററ് ബന്ധപ്പെട്ടവർക്കും മോശമയ നോട്ടത്തിൽ നിന്നു രക്ഷ നേടനുള്ള പല മാർഗങ്ങളും വിവരിക്കുന്നു. അവകൾ ചുവടെ കൊടുക്കുന്നു.

(1) വഴിയിൽ കൂടി നടക്കുന്ന് സന്ദർഭത്തിൽ അടുത്ത് കൂടി നടന്നു പോകുന്നവരുടെ കാൽ ഭാഗത്തേക്ക് ദൃഷ്ടിയെ താഴ്ത്തുക. അവർ ആണായാലും പെണ്ണായാലും ശരി.

(2) സൂപ്പർ മാർക്കററ്, ടിക്കററ് കൗണ്ടർ, റയിൽവേ സ്റ്റേഷൻ, എയർ പോർട്ട്, തുടങ്ങിയ സ്തലങ്ങളിൽ പുരുഷന്മാർ ഇരിക്കുന്ന കൗണ്ടറുകൾ ഉണ്ടെങ്കിൽ സ്ത്രീകളോട് സംസാരിക്കാതിരിക്കാനുള്ള സാഹചര്യം ഉണ്ടാകാതിരിക്കാനായി അവിടേക്ക് പോവുക. .

(3) അഥവാ ഒരു സ്ത്രീയുമായി സംസാരിക്കേണ്ട സന്ദർഭം വന്നാൽ സംസാരിക്കുന്ന സമയത്ത് കണ്ണുകൾ പരസ്പരം നേരിടാത്ത രീതിയിൽ രണ്ട് പിനങ്ങിയ സുഹ്രുത്തുക്കൾ സംസാരിക്കുന്ന പോലെ സംസാരിക്കുക.

(4) വഴിയുടെ ഭാഗങ്ങളിൽ പതിക്കപ്പെട്ട സിനിമാ പോസ്റ്ററുകളിലും പരസ്യ ബോർഡുകളിലും നോക്കാതിരിക്കുക.

(5) വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ മററ് കടന്നു പോകുന്ന വാഹനങ്ങളിൽ മറ കൂടാതെ സ്ത്രീകൾ ഇരിക്കുന്നുണ്ടെങ്കിൽ അവരിലേക്ക് നോക്കാതിരിക്കുക .

(6) സ്വന്തം വീട്ടിൽ ചെല്ലുന്ന നേരത്ത് ഏതെങ്കിലും സ്ത്രീ ഉണ്ടെങ്കിൽ മറഞ്ഞിരിക്കാൻ വേണ്ടി ശബ്ദം ഉണ്ടാക്കുക.

(7) ആരുടെയെങ്കിലും വീട്ടിൽ പോയാൽ കതകിനു തട്ടി മാറി നിൽക്കുക. വാതിൽ തുറക്കുമ്പോൾ ശരീരം മറക്കാത്ത സ്ത്രീകളെ കാണാൻ സാധ്യത ഉണ്ട് .

(8) ആണും പെണ്ണും ഇടകലർന്ന കല്ല്യാണ സദസ്സുകളിൽ പോകാതിരിക്കുക. ഏതൊരു സ്തലത്ത് പോകുവാൻ രണ്ട് വഴികൾ ഉണ്ടെങ്കിൽ നോട്ടം കുറവാവാൻ സാധ്യത ഉള്ള വഴിയിൽ കൂടി പോവുക.

(9) ഉല്ലാസ കേന്ദ്രങ്ങളിൽ പോകാതിരിക്കുക . നിർബന്ധിതനായി പോകേണ്ടി വന്നാൽ ആരും തന്നെ ഇല്ലാത്ത സമയം തിരഞ്ഞെടുത്ത് പോകുക .

(10) ബസ്സ്, ട്രെയിൻ, വിമാനം, തുടങ്ങിയവയിൽ യാത്ര ചെയ്യുമ്പോൾ ഏതെങ്കിലും അപരമായ പുസ്തകം കൂടെ കരുതുകയും അതു വായിച്ച് കൊണ്ട് ഇരിക്കുകയും ചെയ്യുക. വെറുതെ ഇരിക്കുന്നത് കൊണ്ട് മററ് യത്രക്കാരികളിലേക്ക് നോട്ടം ചെന്ന് പെടുന്നതാണ് .

(11) ഏതെങ്കിലും ഓഫീസിലോ എയർ പോർട്ട് ലോബിലോ ( സ്വീകരണ മുറി ) മററ് സ്തലങ്ങളിലോ കാത്ത് ഇരിക്കുന്ന് സ്തലത്ത് ടിവി മററ് സ്ത്രീകളുടെ ചിത്ത്രങ്ങൾ ഉണ്ടെങ്കിൽ ആഭാഗത്ത് നിന്ന് പുറം തിരിഞ്ഞ് ഇരിക്കുക .

(12) അനാവശ്യമായി ഇന്റർ നെററ് ഉപയോഗിക്കാതിരിക്കുക.

(13) അവിശ്വാസികളുടെ നാടുകളിലൂടെ യാത്ര ചെയ്യേണ്ടി വന്നാൽ അവരുടെ മുഖങ്ങളിൽ നോക്കാതിരിക്കൽ വളരെ നല്ലതാണ്. ചൂടു കാലങ്ങളിൽ അവരുടെ ശരീരങ്ങൾ അർദ്ധ നഗ്നമയിരിക്കും . തണുപ്പ് കാലമാണെങ്കിൽ അവർ വസ്ത്ര ധാരികളാണെങ്കിലും ചില സമയങ്ങളിൽ ആണും പെണ്ണും തിരിച്ചറിയാത്ത രീതിയിൽ ഒരേ പോലെ ആയിരിക്കും . സ്ത്രീകൾ കോട്ടും പാന്റ്സും ടയ്യും അണിയുകയും പുരുഷന്മാരെപ്പോലെ മുടിവെട്ടുകയും ചെയ്യുന്നു . ഈ ഇടങ്ങേറിൽ നിന്നും രക്ഷനേടാനുള്ള മർഗ്ഗം തന്റെ ദൃഷ്ടികളെ താഴ്തുകയും ഈമാനിനെ കാക്കുകയും ചെയ്യുക എന്നുള്ളതാണ്.

( 14) ഒരിക്ക്ലും വീട്ടിൽ തനിച്ച് ക്ഴിയുകയും തന്റെ ശരീരത്തെ ഒന്നിനെ തൊട്ടും ജോലിയാക്കാതിരിക്കുകയും ചെയ്യരുത് .

(15) വഴിയിൽ സ്ത്രീകൾ പഠിക്കുന്ന സ്കൂളോ കോളേജോ ഉണ്ടെങ്കിൽ ആ വഴി സഞ്ചാരം ഉപേക്ഷിക്കൽ നല്ലതാകുന്നു.
(16) വിവാഹിതനാണെങ്കിൽ ഭാര്യയെ ഒപ്പം കൊണ്ടു പോവുക.
(17)കഅബയിൽ പ്രദക്ഷിണം ചെയ്യുന്ന സമയത്ത് കണ്ണുകളെ പാദങ്ങളിലേക്കാക്കുക. ഒരിക്കലും കണ്ണുകളെ ഉയർത്തതിരിക്കുക.
(18) മോശമായ നോട്ടം നിമിത്തം ഉണ്ടാകുന്ന ശിക്ഷയെ കുറിച്ച് ഓർക്കുക. അത്തരക്കാർ നരകത്തിൽ എത്തിയാൽ മലക്കുകൾ അവന്റെ കണ്ണുകളിൽ ഉരുക്കിയ ഇയ്യം ഒഴിക്കുന്നതാണു. ചില കിതാബുകളിൽ എഴുതിയിരിക്കുന്നത് " ഇരുമ്പു ദണ്ഡുകൾ ചൂടാക്കിയിട്ട് അവന്റെ കണ്ണുകളിൽ കുത്തി ഇറക്ക്പ്പെടും " എന്നാണ്.

(19) മോശമായ ദർശനം ഉണ്ടായാൽ 20 റകഅത്ത് സുന്നത്ത് നിസ്കാരം ശിക്ഷ എന്ന നിലക്ക് നിർണ്ണയിക്കുക. ഒന്നോ രണ്ടോ ദിവസം കൊണ്ടു തന്നെ ശരീരം പരിതപിക്കുകയും മോശമായ നോട്ടത്തിൽ നിന്നു പിന്തിരിയുകായും ചെയ്യും.
(20) എല്ലാ മാസവും വെളുത്ത വാവുകളിലും (13. 14. 15) എല്ലാ തിങ്കളും , വ്യാഴവും , നോമ്പ് അനുഷ്ടിക്കുകയും , ഇനി ഇത് കൊണ്ടും തന്റെ ദൃഷ്ടിയെ നിയന്ത്രിക്കാൻ സാധ്യമാവുന്നില്ലെങ്കിൽ ദാവൂദ് നബി (അ) യുടെ വൃതം (ഒന്നിടവിട്ട ദിവസങ്ങളിൽ) അനുഷ്ടിക്കുക.
(21) ചുവടെ പറയുന്ന തസ്ബീഹ് രാവിലെയും വൈകീട്ടും പത്ത് വീതം കൃതിമായി ചൊല്ലുക.

لا مرغوبي الا الله

لا مطلوبي الا الله

لا محبوبي الا الله

لا اله الا الله

(22) ദിവസവും വെളുപ്പിനു തഹജ്ജുദ് നിസ്കരിക്കാൻ തയ്യാറാവുക . എന്നിട്ട് റബ്ബിനോട് ദുആ ചെയ്യുക ' റബ്ബേ .... എനിക്ക് പാപങ്ങളിൽ നിന്നു വിട്ട് നിൽക്കാൻ വളരെ ബുദ്ധിമുട്ടാകുന്നു. എന്നാൽ നിനക്ക് എന്നെ പാപങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ വളരെ എളുപ്പമാണു . നാഥാ.... എന്റെ ഹൃദയത്തെ ശുദ്ധിയാക്കുകയും എന്റെ ദൃഷ്ടികളെ നല്ലതാക്കുകയും ചെയ്യണമേ.........

## ദൃഷ്ടി സൂക്ഷിക്കുന്നവനുള്ള പ്രതിഫലങ്ങൾ

ഏതൊരൾ തന്റെ ദൃഷ്ടികളെ സൂക്ഷിക്കുന്നുവോ അവനു ആഖിറത്തിൽ രണ്ട് പ്രതിഫലം നൽകപ്പെടുന്നതാണ് .

( 1 ) അല്ലാഹുവിന്റെ തിരുമുഖ് കാഴ്ച്ചക്കുള്ള് സൗഭാഗ്യം.
( 2) കണ്ണുകളെ കരയുന്നതിനെ തൊട്ട് അന്ത്യ നാളിൽ സംരക്ഷിക്കപ്പെടും

Compiled by
**Shakeel Ahmed Rashadi Qasmi Bangalori**
Madarsa-e-Bakiyatus Salihath Arabic College
Vellore, Tamil Nadu – INDIA
Pin code: 632 004 Cell: (+91) 94444 53232